# VELLOOR
# ST. SIMON'S CHURCH



**കോ**ട്ടയം ജില്ലയിൽ പാമ്പാടി പഞ്ചായത്തിൽ വെള്ളൂർ കരയിൽ കൊല്ലം – തേനി ദേശീയപാതയ്ക്കു സമീപം പ്രകൃതിരമണീയമായ കാരിക്കാമറ്റം പ്രദേശത്ത് ഒരു ശതാബ്ദകാലമായി അനുഗ്രഹവർഷം ചൊരിഞ്ഞ് നാടിന്റെ പ്രത്യാശാഗോപുരമായി വിളങ്ങുന്ന ദൈവാലയമാണ് വെള്ളൂർ സെന്റ് സൈമൺസ് യാക്കോബായ സുറിയാനിപള്ളി. മണർകാട്, പുതുപ്പള്ളി, പാമ്പാടി എന്നീ പുരാതന ദൈവാലയങ്ങളിലെ ഇട വകക്കാരായിരുന്നു പൂർവ്വപിതാക്കന്മാർ. ആരാധനാസൗകര്യം കണക്കിലെടുത്ത് ഈ സ്ഥലത്ത് ഒരു ദേവാ ലയം സ്ഥാപിക്കുന്നതിനുള്ള ആലോചനായോഗം 1899–മാണ്ട് കൂടുകയും ധനസമാഹരണം ആരംഭിക്കു കയും ചെയ്തു. അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും ഉടമകളായ മുണ്ടമറ്റത്ത് ഐപ്പ് കുരുവിള, ഐപ്പ് വർക്കി, ഐപ്പ് ഫിലിപ്പോസ് എന്നിവരിൽ നിന്നും എഴുതി വാങ്ങുകയും അവർക്ക് സ്ഥലത്തിന് പകര മായി കിഴക്കേപാലാമ്പടത്ത് തൊമ്മൻ തൊമ്മനും, പടിഞ്ഞാറേ പാലാമ്പടത്ത് മറിയവും അന്നയും അവ രുടെ സ്ഥലം എഴുതി നൽകുകയും ചെയ്തു.

കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ കടവിൽ പൗലൂസ് മാർ അത്താനാ സ്യോസ് തിരുമേനിയുടെ അനുവാദ കൽപ്പനപ്രകാരം മാർ ശെമവൂൻ ദെസ്തൂനോയുടെ നാമത്തിൽ പള്ളി സ്ഥാപിച്ചു. 1903–മാണ്ട് ഈ പള്ളിയിൽ ബഹു. വെട്ടിക്കുന്നേൽ കുര്യാക്കോസ് കത്തനാർ പ്രഥമ ബലി അർപ്പിച്ചു. പുതിയ പള്ളിപണി 1921–ൽ പൂർത്തിയായി. 1928–ാ മാണ്ട് പള്ളിയുടെ സിൽവർ ജൂബിലി ആഘോഷിച്ചു. യാക്കോബായ സഭയ്ക്ക് നിസ്തുല നേതൃത്വം നൽകിയ ഡോ. പി.ടി. തോമസ് പാലാമ്പടം ഋഃ ങഘഅ, ഷെവലിയാർ ഈപ്പൻ തോമസ് പാലാമ്പടം, രാഷ്ട്രീയ നേതാക്കളായ ശ്രീ. കെ. എം. ഏബ്രഹാം ഋഃ ങജ, ശ്രീ. ഇ.എം. ജോർജ്ജ് ഋഃ ങഘഅ എന്നിവർ ഈ ഇടവകാംഗങ്ങൾ ആയിരുന്നു.

### പാത്രിയർക്കീസ് ബാവാമാരുടെ സന്ദർശനം

1931–ൽ മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായും 1964–ൽ മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായും 1982–ൽ മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ ഇവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവായും ഈ ദേവാലയം സന്ദർശി ച്ചിട്ടുണ്ട്.

1953–മാണ്ട് ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലിയും 1978– ൽ പ്ലാറ്റിനം ജൂബിലിയും ആഘോഷിച്ചു. പ്ലാറ്റിനം ജൂബിലി സ്മാരകമായി പാരീഷ്ഹാൾ നിർമ്മിക്കുകയും 2003 ശതാബ്ദി വർഷമായി ആഘോഷിക്കുകയും ശതാബ്ദി സ്മാരകമായി സുവനീറും ഇടവക ഡയറക്ടറിയും പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിനെതുടർന്ന് ദേവാലയത്തിന്റെ പൗരാണികത്വം നിലനിർത്തി വലിപ്പം കൂട്ടി പുനർനിർമ്മിച്ചു. പള്ളിഭരണഘടനയിൽ കാതലായ പരിഷ്ക്കാരങ്ങളും ഈ കാലയളവിൽ വരുത്തി. ഈ ബൃഹത്തും ശ്രമകരവും ആയ ജോലികൾ വികാരിയായിരുന്ന വന്ദ്യ ശ്രീ. കടവുംഭാഗത്ത് കുര്യാക്കോസ് അച്ചന്റെ അതുല്യമായ സംഘാടനപാടവവും ഇച്ഛാശക്തിയും ഒന്നുകൊണ്ടു മാത്രമണ് പൂർത്തിയാക്കുവാൻ കഴിഞ്ഞത്. ഇതോടൊപ്പം ഭവനരഹിതർക്ക് രണ്ട് ഭവനങ്ങൾ നിർമ്മിച്ചു നൽകി.

സെന്റർ, നോർത്ത് എന്നീ രണ്ട് സൺഡേസ്കൂളുകളും മർത്തമറിയം സമാജം, യൂത്ത് അസോസിയേഷൻ, അന്ത്യോഖ്യാ സത്യവിശ്വാസ സംരക്ഷണസമിതി, ഹെയിൽ മേരിലീഗ്, അഞ്ച് പ്രാർത്ഥനായോഗങ്ങൾ, പെരുമ്പള്ളിൽ മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ മിനിസ്ട്രി എന്നിവ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. 2007 ൽ സൺഡേസ്കൂൾ കെട്ടിടം നിർമ്മിക്കുകയും ചെയ്തു. ഡിസംബർ 31 ന് പ്രധാനപെരുനാളും ശെമവൂൻ ദെസ്തൂനോയുടെ ഓർമ്മപ്പെരുനാൾ ജൂലൈ 27 നും എട്ടുനോമ്പ് പെരുനാളും, മാർ തോമ്മാശ്ലീഹായുടെ ദുഖ്റോനോ പെരുനാളും വി. യൂഹാനോൻ മാംദോനോയുടെ പെരുനാളും ആദ്യഫല പെരുനാളും ആഘോഷമായി ആചരിച്ചു വരുന്നു. എല്ലാ മാസാദ്യശനിയാഴ്ചകളിൽ വി. മുന്നിന്മേൽ കുർബ്ബാന വിശ്വാസികൾ ഏറ്റുനടത്തുന്നുണ്ട്.

പള്ളികവാടത്തിലും നെടുംകുഴിയിലും 8–ാം മൈൽ കവലയിലും ആയി മൂന്ന് കുരിശിൻതൊട്ടികൾ ഈ പള്ളിക്കുണ്ട്. പള്ളിക്ക് 2 ഏക്കർ 30 സെന്റ് സ്ഥലം ഇപ്പോൾ ഉണ്ട്.

പ്രഥമ വികാരിയായ ബഹു. വെട്ടിക്കുന്നേൽ കുര്യാക്കോസ് കത്തനാർ, ഫാ. യാക്കോബ് ചെറിയമഠത്തിൽ, ഫാ. കുര്യാക്കോസ് പാമ്പാടികണ്ടത്തിൽ, വെരി. റവ. കടവുംഭാഗത്ത് അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പ, ആ കാലഘട്ടത്തിൽ ഫാ. യാക്കോബ് ചുണ്ടേവാലേൽ, ഫാ. കുര്യാക്കോസ് മാലിയിൽ, ഫാ. പി. ജെ. പൗലൂസ് (ശ്രേഷ്ഠ ബാവാ ബസേലിയോസ് പൗലൂസ് ദ്വിതീയൻ), ഫാ. ജീസസ് കടിയൻതുരുത്തേൽ, ഫാ. യാക്കോബ് പാറേകുളം (യാക്കോബ് മാർ തിമോത്തിയോസ് തിരുമേനി), പാണമ്പടിക്കൽ ഫാ. ടി.സി. ജോർജ്, ഫാ. കുര്യാക്കോസ് കിഴക്കേടത്ത്, ഫാ. ഏബ്രഹാം കരിമ്പനത്തറ, ഫാ. ജോൺ ജേക്കബ് ഇലപ്പനാൽ (യൂഹാനോൻ മാർ പീലക്സിനോസ് തിരുമേനി), ഫാ. വർഗീസ് ഫിലിപ്പ് കരിമ്പിൽ (ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി), ഫാ. ഏബ്രഹാം തടത്തിൽ, ഫാ. അലക്സ് വെട്ടിക്കോട്ട്, ഫാ. ഏബ്രഹാം നേര്യന്തറ, ഫാ. കുര്യാക്കോസ് മൂലയിൽ, ഫാ. തോമസ് ഇട്ടി കുന്നത്തയ്യാട്ട്, ഫാ. ഗീവർഗീസ് ചട്ടത്തിൽ, ഫാ. മർക്കോസ് മല്ലുകാട്ട്, ഫാ. മർക്കോസ് രാമന്തറ (മർക്കോസ് മാർ കൂറിലോസ് തിരുമേനി), ഫാ. തോമസ് കുളത്തുങ്കൽ, ഫാ. ഫിലിപ്പോസ് കോട്ടപ്പുറത്ത്, ഫാ. ഗീവർഗീസ് തേക്കാനത്ത്, ഫാ. തോമസ് വേങ്കടത്ത്, ഫാ. ജോസഫ് ജോൺ വെട്ടുകുഴിയിൽ, ഫാ. കുര്യാക്കോസ് കടവുംഭാഗം, ഫാ. കുര്യൻ ജോയി കല്ലുങ്കത്ര എന്നിവർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ഫാ. ചെറിയാൻ കോട്ടയിൽ വികാരിയായും ഫാ. തോമസ് പള്ളിയമ്പിൽ സഹവികാരിയായും സേവനമനുഷ്ഠിക്കുന്നു.

കുറിച്ചുമല ശ്രീ. പോത്തൻ ഫിലിപ്പോസ്, കളപ്പുരയ്ക്കൽ ശ്രീ. ഫിലിപ്പോസ് തോമസ്, നീണ്ടൂർശേരിൽ ശ്രീ. ഇ. ടി. വർഗീസ് എന്നിവർ ശുശ്രൂഷകരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ശ്രീ. ഏബ്രഹാം പായിപ്ര, ശ്രീ. ഏബ്രഹാം സ്കറിയ വരിക്കമാക്കിൽ എന്നിവർ ശുശ്രൂഷകരായി സേവനമനുഷ്ഠിക്കുന്നു.

ഫാ. അന്ത്രയോസ് വല്യപ്പൂട്ടിൽ, ഫാ. ജോർജ് ഏബ്രഹാം കളിങ്കൂട്ടിൽ, ഫാ. കുര്യാക്കോസ് കുറിച്ചിമല, ഫാ. ആൻഡ്രൂസ് മുതിരക്കുന്നേൽ, ഫാ. എബി ജോൺ കുറിച്ചിമല എന്നിവർ ഇവകാംഗങ്ങളായ വൈദികർ ആണ്. വെള്ളൂരും സമീപ പ്രദേശങ്ങളിലുമായി 550–നു മേൽ കുടുംബങ്ങൾ ഇടവകക്കാരുണ്ട്. "താപസ ശ്രേഷ്ഠനായ മാർ ശെമവൂൻ ദെസ്തൂനോയുടെ നാമത്തിൽ പള്ളി സ്ഥാപിച്ചാൽ ഇടവകയ്ക്കും ദേശത്തിനും അനുഗ്രഹപ്രദമായിതീരുമെന്ന്" പള്ളിയുടെ സ്ഥാപനകാലത്ത് നമ്മുടെ പുണ്യപ്പെട്ട പിതാക്കന്മാർ നൽകിയ ഉപദേശം അന്വർത്ഥമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ആ പരിശുദ്ധന്റെ മദ്ധ്യസ്ഥത നമുക്ക് എന്നും കോട്ടയും കാവലും ആയിരിക്കട്ടെ.

*Source: Kottayam Diocese Souvenir, 2007*

Syriacchurch.org